പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 469

20/10/2011 - ൽ
മറുപടിക്ക്

## സ്ത്രീപീഡനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>" പാലോട് രവി<br>" പി. സി. വിഷ്ണുനാഥ്<br>" സണ്ണി ജോസഫ് | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സ്ത്രീപീഡനം നിയന്ത്രിക്കുന്നതിനുള്ള കർമ്മപദ്ധതികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ; | (എ) സ്ത്രീപീഡനം നിയന്ത്രിക്കുന്നതിനായി ജാഗ്രത സമിതികൾ രൂപീകരിച്ചും, സാമൂഹ്യക്ഷേമ വകുപ്പിന്റെയും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും, സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തിയും ഫലപ്രദമായ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ രാത്രികാല ചെക്കിംഗും, ബസ്സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ മറ്റ് തിരക്കുള്ള സ്ഥലങ്ങൾ എന്നിവ കേന്ദ്രീ കരിച്ച് വനിതാ പോലീസ് കോൺസ്റ്റബിൾമാർ ഇത്തരം സംഭവങ്ങൾ നിയന്ത്രിക്കുന്നതിനായി ജാഗ്രത പുലർത്തി വരുന്നു. വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്ക്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് എന്നീ പദ്ധതികളുടെ ഭാഗമായി പെൺകുട്ടികളുടെയും, സ്ത്രീകളുടെയും സുരക്ഷ, മൊബൈൽ ഫോണുകളുടെ ദുരുപയോഗം തുടങ്ങിയ കാര്യങ്ങളിൽ വിശദമായ ബോധവത്ക്കരണം നടത്തി വരുന്നു. |

(ബി) കർമ്മ പദ്ധതികൾ രൂപീകരിക്കുന്നതിനായി വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ആന്ധ്രാപ്രദേശിൽ നടപ്പാക്കിയിട്ടുള്ള നിയമങ്ങളുടെ മാതൃകയിൽ നിയമനിർമ്മാണം നടത്തുവാൻ തയ്യാറാകുമോ;

(ഡി) അതിനായി ഏതെങ്കിലും തലത്തിൽ ചർച്ച നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

(ബി) (സി) & (ഡി) സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതമായ സൗഹൃദ കേരളം സൃഷ്ടിക്കുന്നതിന് ആവശ്യമായ നയം രൂപീകരിക്കുന്നതിനും, നിലവിലുള്ള കേരള സമൂഹത്തിൽ എന്തുകൊണ്ട് ഈ പ്രവണത ഉണ്ടാകുന്നു എന്നും സ്ഥായിയായി ഈ പ്രവണത പ്രതിരോധിക്കുന്നതിന് സ്വീകരിക്കേണ്ട സാംസ്കാരിക, വിദ്യാഭ്യാസ വികസന സമീപനത്തിനും നിയമങ്ങൾക്കും നിയമ നിർമ്മാണ സംവിധാനങ്ങൾക്കും രൂപം നൽകുന്നതിനും നിലവിലുള്ള സ്ഥാപന സംവിധാനങ്ങളെയും ഏജൻസികളെയും എങ്ങനെ പരിഷ്കരിക്കണമെന്നും അവയുടെ സേവന പ്രദാനത്തിൽ വരുത്തേണ്ട മാറ്റം എന്തെന്നും പഠിച്ച് റപ്പോർട്ട് നൽകുന്നതിനുമായി ശ്രീമതി.സുഗതകുമാരി ചെയർപേഴ്സണായും, ശ്രീമതി. ലിഡാ ജേക്കബ് IAS, ശ്രീമതി.ശാരദാമുരളീധരൻ IAS, ശ്രീമതി. സുനിതാ കൃഷ്ണൻ ശ്രീമതി .മല്ലികാസാരാഭായ് എന്നിവർ അംഗങ്ങളായും ഒരു ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ